പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4960 04-07-2012 -ൽ മറുപടിക്ക്.

# സാഫല്യം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം.

**ചോദ്യം**

ശ്രീമതി ജമീലാ പ്രകാശം

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) സാഫല്യം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എ) സാഫല്യം ഭവനനിർമ്മാണ പദ്ധതിയുടെ 1-ാം ഘട്ടത്തിൽ 1008 ഫ്ലാറ്റുകൾ സംസ്ഥാനത്തെ 8 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടത്. ഇതിലേയ്ക്ക് 1994-96 കാലഘട്ടങ്ങളിൽ നടപ്പാക്കിയ രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പദ്ധതിക്കായി ബോർഡ് ഏറ്റെടുത്ത പദ്ധതി പ്രദേശങ്ങളിൽ ഒഴിവുള്ള സ്ഥലങ്ങളാണ് തെരഞ്ഞെടുക്കുന്നത്. സാഫല്യം ഭവനപദ്ധതിയുടെ 2-ാം ഘട്ടമായി ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് രാജീവ് ദശലക്ഷ പാർപ്പിട ഹൗസിംഗ് കോംപ്ലക്സ് പദ്ധതിക്കായി ഏറ്റെടുത്ത ഒഴിവുള്ള പ്രദേശങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വ്യക്തികൾ/സന്നദ്ധ സംഘടനകൾ മുതലായവർ ലഭ്യമാക്കുന്ന സ്ഥലങ്ങൾ എന്നിവയാണ് പരിഗണിക്കുന്നത്. ഇതിനായി പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലൂടെയും വ്യാപകമായ പരസ്യപ്രചാരണ പരിപാടി കൈക്കൊണ്ട് വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളെ പൂർണ്ണമായി അവഗണിക്കാൻ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതികൾക്കായി ഏറ്റെടുത്ത ഒഴിവുള്ള പ്രദേശങ്ങൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ വ്യക്തികൾ/സന്നദ്ധ സംഘടനകൾ എന്നിവർ സൗജന്യമായി പദ്ധതിയ്ക്ക് ആവശ്യമായ ചുരുങ്ങിയത് 30 സെന്റ് ഭൂമി എങ്കിലും ലഭ്യമാക്കുകയാണെങ്കിൽ ഡിമാന്റ് കൂടി കണക്കിലെടുത്ത് സാഫല്യം ഭവനപദ്ധതി അവിടങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ